8.4
1

# ആദ്യപാഠങ്ങൾ

അല്ലെങ്കിൽ

ചെറുപൈതങ്ങൾക്കു

പഠിപ്പാനുള്ള

ഒന്നാം പുസ്തകം.

---

ഇത

ശ്രേഷ്ഠമേല്പട്ടക്കാരുടെ അനുവാദത്താൽ

ആലപ്പുഴെ

കർമ്മെലഅച്ചുക്കൂടത്തിൽ

അച്ചടിക്കപ്പെട്ടത.

ഇതിൻവില അണാ. ൩

൧൮൬൯.

ACHARYA PALACKAL JEEVAS KENDRAM LIBRARY 15992

CONVENT, PANAPALLY

M/268.4
ADH

അ ആ ഇ ഈ ഉ ഊ

ഋ ൠ ഌ ൡ എ ഏ ഐ

ഒ ഓ ഔ അം അഃ

ക ഖ ഗ ഘ ങ ച ഛ

ജ ഝ ഞ ട ഠ ഡ ഢ

ണ ത ഥ ദ ധ ന പ

ഫ ബ ഭ മ യ ര ല

വ ശ ഷ സ ഹ ള ക്ഷ

ഴ റ

ൺ ർ ൽ ൾ ൻ ം

ണ റ ല ള ന മ

| | | | | | |
|---|---|---|---|---|---|
| അ | | ക | ഖ | ഗ | ഘ |
| ആ | ാ | കാ | ഖാ | ഗാ | ഘാ |
| ഇ | ി | കി | ഖി | ഗി | ഘി |
| ഈ | ീ | കീ | ഖീ | ഗീ | ഘീ |
| ഉ | ു ു | കു | ഖു | ഗു | ഘു |
| ഊ | ൂ ൂ | കൂ | ഖൂ | ഗൂ | ഘൂ |
| ഋ | ൃ | കൃ | ഖൃ | ഗൃ | ഘൃ |
| ൠ | ൄ | കൄ | ഖൄ | ഗൄ | ഘൄ |
| ഌ | | കഌ | ഖഌ | ഗഌ | ഘഌ |
| ൡ | | കൡ | ഖൡ | ഗൡ | ഘൡ |
| എ | െ | കെ | ഖെ | ഗെ | ഘെ |
| ഏ | േ | കേ | ഖേ | ഗേ | ഘേ |
| ഐ | ൈ | കൈ | ഖൈ | ഗൈ | ഘൈ |
| ഒ | ൊ | കൊ | ഖൊ | ഗൊ | ഘൊ |
| ഓ | ോ | കോ | ഖോ | ഗോ | ഘോ |
| ഔ | ൌ | കൌ | ഖൌ | ഗൌ | ഘൌ |
| അം | ം | കം | ഖം | ഗം | ഘം |
| അഃ | ഃ | കഃ | ഖഃ | ഗഃ | ഘഃ |

| | | | | |
|---|---|---|---|---|
| ങ | ച | ഛ | ജ | ഝ |
| ങാ | ചാ | ഛാ | ജാ | ഝാ |
| ങി | ചി | ഛി | ജി | ഝി |
| ങീ | ചീ | ഛീ | ജീ | ഝീ |
| ങു | ചു | ഛു | ജു | ഝു |
| ങൂ | ചൂ | ഛൂ | ജൂ | ഝൂ |
| ങൃ | ചൃ | ഛൃ | ജൃ | ഝൃ |
| ങൄ | ചൄ | ഛൄ | ജൄ | ഝൄ |
| ങൢ | ചൢ | ഛൢ | ജൢ | ഝൢ |
| ങൣ | ചൣ | ഛൣ | ജൣ | ഝൣ |
| ങെ | ചെ | ഛെ | ജെ | ഝെ |
| ങേ | ചേ | ഛേ | ജേ | ഝേ |
| ങൈ | ചൈ | ഛൈ | ജൈ | ഝൈ |
| ങൊ | ചൊ | ഛൊ | ജൊ | ഝൊ |
| ങോ | ചോ | ഛോ | ജോ | ഝോ |
| ങൌ | ചൌ | ഛൌ | ജൌ | ഝൌ |
| ങം | ചം | ഛം | ജം | ഝം |
| ങഃ | ചഃ | ഛഃ | ജഃ | ഝഃ |

| | | | | |
|---|---|---|---|---|
| ഞ | ട | ഠ | ഡ | ഢ |
| ഞാ | ടാ | ഠാ | ഡാ | ഢാ |
| ഞി | ടി | ഠി | ഡി | ഢി |
| ഞീ | ടീ | ഠീ | ഡീ | ഢീ |
| ഞു | ടു | ഠു | ഡു | ഢു |
| ഞൂ | ടൂ | ഠൂ | ഡൂ | ഢൂ |
| ഞൃ | ടൃ | ഠൃ | ഡൃ | ഢൃ |
| ഞൄ | ടൄ | ഠൄ | ഡൄ | ഢൄ |
| ഞൢ | ടൢ | ഠൢ | ഡൢ | ഢൢ |
| ഞൣ | ടൣ | ഠൣ | ഡൣ | ഢൣ |
| ഞെ | ടെ | ഠെ | ഡെ | ഢെ |
| ഞേ | ടേ | ഠേ | ഡേ | ഢേ |
| ഞൈ | ടൈ | ഠൈ | ഡൈ | ഢൈ |
| ഞൊ | ടൊ | ഠൊ | ഡൊ | ഢൊ |
| ഞോ | ടോ | ഠോ | ഡോ | ഢോ |
| ഞൌ | ടൌ | ഠൌ | ഡൌ | ഢൌ |
| ഞം | ടം | ഠം | ഡം | ഢം |
| ഞഃ | ടഃ | ഠഃ | ഡഃ | ഢഃ |

| | | | | |
|---|---|---|---|---|
| ണ | ത | ഥ | ദ | ധ |
| ണാ | താ | ഥാ | ദാ | ധാ |
| ണി | തി | ഥി | ദി | ധി |
| ണീ | തീ | ഥീ | ദീ | ധീ |
| ണു | തു | ഥു | ദു | ധു |
| ണൂ | തൂ | ഥൂ | ദൂ | ധൂ |
| ണൃ | തൃ | ഥൃ | ദൃ | ധൃ |
| ണൄ | തൄ | ഥൄ | ദൄ | ധൄ |
| ണൢ | തൢ | ഥൢ | ദൢ | ധൢ |
| ണൣ | തൣ | ഥൣ | ദൣ | ധൣ |
| ണെ | തെ | ഥെ | ദെ | ധെ |
| ണേ | തേ | ഥേ | ദേ | ധേ |
| ണൈ | തൈ | ഥൈ | ദൈ | ധൈ |
| ണൊ | തൊ | ഥൊ | ദൊ | ധൊ |
| ണോ | തോ | ഥോ | ദോ | ധോ |
| ണൌ | തൌ | ഥൌ | ദൌ | ധൌ |
| ണം | തം | ഥം | ദം | ധം |
| ണഃ | തഃ | ഥഃ | ദഃ | ധഃ |

| | | | | |
|---|---|---|---|---|
| ന | പ | ഫ | ബ | ഭ |
| നാ | പാ | ഫാ | ബാ | ഭാ |
| നി | പി | ഫി | ബി | ഭി |
| നീ | പീ | ഫീ | ബീ | ഭീ |
| നു | പു | ഫു | ബു | ഭു |
| നൂ | പൂ | ഫൂ | ബൂ | ഭൂ |
| നൃ | പൃ | ഫൃ | ബൃ | ഭൃ |
| നൄ | പൄ | ഫൄ | ബൄ | ഭൄ |
| നൢ | പൢ | ഫൢ | ബൢ | ഭൢ |
| നൣ | പൣ | ഫൣ | ബൣ | ഭൣ |
| നെ | പെ | ഫെ | ബെ | ഭെ |
| നേ | പേ | ഫേ | ബേ | ഭേ |
| നൈ | പൈ | ഫൈ | ബൈ | ഭൈ |
| നൊ | പൊ | ഫൊ | ബൊ | ഭൊ |
| നോ | പോ | ഫോ | ബോ | ഭോ |
| നൌ | പൌ | ഫൌ | ബൌ | ഭൌ |
| നം | പം | ഫം | ബം | ഭം |
| നഃ | പഃ | ഫഃ | ബഃ | ഭഃ |

| | | | | | |
|---|---|---|---|---|---|
| മ | യ | ര | ല | വ | ശ |
| മാ | യാ | രാ | லാ | വാ | ശാ |
| മി | യി | രി | ലി | വി | ശി |
| മീ | യീ | രീ | ലീ | വീ | ശീ |
| മു | യു | രു | ലു | വു | ശു |
| മൂ | യൂ | രൂ | ലൂ | വൂ | ശൂ |
| മൃ | യൃ | രൃ | ലൃ | വൃ | ശൃ |
| മൄ | യൄ | രൄ | ലൄ | വൄ | ശൄ |
| മൢ | യൢ | രൢ | ലൢ | വൢ | ശൢ |
| മൣ | യൣ | രൣ | ലൣ | വൣ | ശൣ |
| മെ | യെ | രെ | ലെ | വെ | ശെ |
| മേ | യേ | രേ | ലേ | വേ | ശേ |
| മൈ | യൈ | രൈ | ലൈ | വൈ | ശൈ |
| മൊ | യൊ | രൊ | ലൊ | വൊ | ശൊ |
| മോ | യോ | രോ | ലോ | വോ | ശോ |
| മൌ | യൌ | രൌ | ലൌ | വൌ | ശൌ |
| മം | യം | രം | ലം | വം | ശം |
| മഃ | യഃ | രഃ | ലഃ | വഃ | ശഃ |

ACHARYA PALACKAL JEEVA
15992

| | | | | |
|---|---|---|---|---|
| ഷ | സ | ഹ | ള | ക്ഷ |
| ഷാ | സാ | ഹാ | ളാ | ക്ഷാ |
| ഷി | സി | ഹി | ളി | ക്ഷി |
| ഷീ | സീ | ഹീ | ളീ | ക്ഷീ |
| ഷു | സു | ഹു | ളു | ക്ഷു |
| ഷൂ | സൂ | ഹൂ | ളൂ | ക്ഷൂ |
| ഷൃ | സൃ | ഹൃ | ളൃ | ക്ഷൃ |
| ഷൄ | സൄ | ഹൄ | ളൄ | ക്ഷൄ |
| ഷൢ | സൢ | ഹൢ | ളൢ | ക്ഷൢ |
| ഷൣ | സൣ | ഹൣ | ളൣ | ക്ഷൣ |
| ഷെ | സെ | ഹെ | ളെ | ക്ഷെ |
| ഷേ | സേ | ഹേ | ളേ | ക്ഷേ |
| ഷൈ | സൈ | ഹൈ | ളൈ | ക്ഷൈ |
| ഷൊ | സൊ | ഹൊ | ളൊ | ക്ഷൊ |
| ഷോ | സോ | ഹോ | ളോ | ക്ഷോ |
| ഷൌ | സൌ | ഹൌ | ളൌ | ക്ഷൌ |
| ഷം | സം | ഹം | ളം | ക്ഷം |
| ഷഃ | സഃ | ഹഃ | ളഃ | ക്ഷഃ |

*ക്യ ഖ്യ ഗ്യ ഘ്യ ങ്യ ച്യ ഛ്യ ജ്യ
ഝ്യ ഞ്യ ട്യ ഠ്യ ഡ്യ ഢ്യ ണ്യ ത്യ
ഥ്യ ദ്യ ധ്യ ന്യ പ്യ ഫ്യ ബ്യ ഭ്യ
മ്യ യ്യ ര്യ ല്യ വ്യ ശ്യ ഷ്യ സ്യ
ഹ്യ ള്യ ക്ഷ്യ *കയ

†ക്ര ഖ്ര ഗ്ര ഘ്ര ങ്ര ച്ര ഛ്ര ജ്ര
ഝ്ര ഞ്ര ട്ര ഠ്ര ഡ്ര ഢ്ര ണ്ര ത്ര
ഥ്ര ദ്ര ധ്ര ന്ര പ്ര ഫ്ര ബ്ര ഭ്ര
മ്ര യ്ര ര്ര ല്ര വ്ര ശ്ര ഷ്ര സ്ര
ഹ്ര ള്ര ക്ഷ്ര †കര

‡ക്ല ഖ്ല ഗ്ല ഘ്ല ങ്ല ച്ല ഛ്ല ജ്ല ഝ്ല ഞ്ല ട്ല
ഠ്ല ഡ്ല ഢ്ല ണ്ല ത്ല ഥ്ല ദ്ല ധ്ല ന്ല പ്ല ഫ്ല
ബ്ല ഭ്ല മ്ല യ്ല ര്ല ല്ല വ്ല ശ്ല ഷ്ല സ്ല ഹ്ല
ള്ല ക്ഷ്ല ‡കല

§ക്വ ഖ്വ ഗ്വ ഘ്വ ങ്വ ച്വ ഛ്വ ജ്വ
ഝ്വ ഞ്വ ട്വ ഠ്വ ഡ്വ ഢ്വ ണ്വ ത്വ

ഥൗ ദൗ ധൗ നൗ പൗ ഫൗ ബൗ ഭൗ
മൗ യൗ രൗ ലൗ വൗ ശൗ ഷൗ സൗ
ഹൗ ളൗ ക്ഷൗ §കൗ

*ക് ഖ് ഗ് ഘ് ങ് ച് ഛ് ജ് ഝ്
ഞ് ട് ഠ് ഡ് ഢ് ണ് ത് ഥ് ദ്
ധ് ന് പ് ഫ് ബ് ഭ് മ് യ് ര്
ല് വ് ശ് ഷ് സ്, ഹ് ള് ക്ഷ് *ൎക്ഷ

†ക്ക ങ്ങ ച്ച ഞ്ഞ ട്ട ണ്ണ ത്ത ന്ന പ്പ
മ്മ യ്യ ല്ല വ്വ ള്ള റ്റ ന്ന †ക്ക

‡ങ്ക ഞ്ച ണ്ട ന്ത മ്പ ൻറ ന്ദ ‡ൻക

ഞാൻ തേൻ വാൾ താൻ
മാൻ കാൽ തേൾ കോൽ
പാൽ ചാൽ വേർ പേർ
പേൻ വേർ തേർ ആം
*മീൻ †പാൽ ‡ആൾ §ചേർ
*മഈന †പആല ‡അആള §ചഏറ

ജട ആദം ഇണ ഊര
തട നാദം അണ മൊര

| | | | |
|---|---|---|---|
| നട | പാദം | കണ | പെർ |
| പട | സാദം | തൂണ | ആർ |
| വട | വാദം | പിണ | ചീര |
| *അട | †മൊദം | ‡ഛൃണ | §നാര |
| *അടഅ | †മഒദഅമ | ‡ഛഋണഅ | §നആര |
| മല | മൊഴി | ഞെണം | താലി |
| ഉല | ഊഴി | ഈണം | എലി |
| തല | ആഴി | ഗുണം | പീലി |
| അല | ചാഴി | തൃണം | പൊലി |
| പല | നാഴി | പണം | തൊലി |
| ഇല | പൂഴി | വൃണം | കൂലി |
| *കുല | †കൊഴി | ‡മണം | §മാലി |
| *കഉലഅ | †കഒഴഇ | ‡മഅണഅമ | §മആലഇ |
| ഒരു | ഓളം | അക്ഷം | ഗതി |
| കരു | താളം | വൃക്ഷം | മതി |
| പരു | നാളം | പക്ഷം | കൊതി |
| കുരു | മേളം | ലക്ഷം | ചതി |
| തരു | പാളം | ഋക്ഷം | മെതി |
| ഉരു | കാളം | മോക്ഷം | പാതി |
| *ഗുരു | †നീളം | ‡കക്ഷം | §പൊതി |
| *ഗഉരഉ | †നഈളഅമ | ‡കഅകഷഅമ | §പഒതഇ |

| | | | |
|---|---|---|---|
| കലം | ജയം | ഞായം | തറ |
| പലം | നയം | ആയം | അറ |
| തലം | ഭയം | കായം | വറ |
| നിലം | ംരംയം | തായം | കറ |
| കുലം | ക്ഷയം | ചായം | ഉറ |
| ഫലം | ലയം | മായം | മറ |
| *സ്ഥലം | †മയം | ‡ലായം | §പറ |
| *സ ഥ അ ല അ മ | †മ അ യ അ മ | ‡ല ആ യ അ മ | §പ അ റ അ |

| | | | |
|---|---|---|---|
| കിണ്ണം | മുനി | തൈലം | ബലി |
| പിണ്ഡം | ഇനി | കോലം | ഇലി |
| ഖണ്ഡം | കുനി | ലേലം | വിലി |
| വണ്ണം | ജനി | ശീലം | കലി |
| എണ്ണം | ധുനി | പാലം | വലി |
| *ഗണ്ഡം | †ധ്വനി | ‡കാലം | §ഹലി |
| *ഗ അ ണ ഡ അ മ | †ധ വ അ ന ഇ | ‡ക ആ ല അ മ | §ഹ അ ല ഇ |

| | | | |
|---|---|---|---|
| വങ്ങി | മതം | വടം | ശമം |
| മുങ്ങി | ഗതം | കടം | സാമം |
| തങ്ങി | പതം | കുടം | ക്ഷേമം |
| വിങ്ങി | ശതം | തടം | നാമം |
| തിങ്ങി | വ്രതം | ഘടം | ഹോമം |

| | | | |
|---|---|---|---|
| മങ്ങി | ഹിതം | പടം | യാമം |
| *പൊങ്ങി | †ചിതം | ‡ഏടം | §നേമം |
| *പ ഒ ങ ങ ഇ | † ച ഇ ത അ മ | ‡ ഏ ട അ മ | § ന ഏ മ അ മ |

| | | | |
|---|---|---|---|
| വരം | അന്നം | ചട്ട | പഞ്ഞി |
| അരം | സന്നം | കട്ട | വഞ്ഞി |
| കരം | മുന്നം | മൊട്ട | കഞ്ഞി |
| തരം | ഖിന്നം | മൂട്ട | തേഞ്ഞു |
| സാരം | ഛന്നം | കൊട്ട | മാഞ്ഞു |
| *ദൂരം | †സ്കന്നം | ഞൊട്ട | ‡പാഞ്ഞു |
| * ദ ഊ ര അ മ | † സ ക അ ന ന അ മ | | ‡ പ ആ ഞ ഞ ഉ |

| | | |
|---|---|---|
| ധീരൻ | ദുഷ്ടൻ | വമ്പൻ |
| പ്രീതൻ | ലുബ്ധൻ | ഭ്രാന്തൻ |
| ക്രൂരൻ | ശിഷ്ടൻ | ശാന്തൻ |
| *ക്രുദ്ധൻ | മൂക്കൻ | †ശ്രേഷ്ഠൻ |
| * ക ര ഉ ദ ധ അ ന | | † ശ ര ഏ ഷ ഠ അ ന |

| | | | | |
|---|---|---|---|---|
| കാററ | പുഴ | ആറ | തോട | ഉഷ്ണം |
| കുളം | കൂപം | വാപി | ശീതം | കടൽ |
| ദേശം | ഗ്രാമം | ദിക്ക | നാട | രാജ്യം |
| മല | മഴ | തടം | പാറ | ഗുഹ |
| വനം | കാട | വൃക്ഷം | മുള | മുള്ള |
| *നദി | †കുന്ന | ‡മഞ്ഞ | §കായൽ | ‖ചിറ |

* ന അ ദ ഇ † ക ഉ ന ന അ ‡ മ അ ഞ ഞ അ § ക ആ യ അ ല ‖ ച ഇ റ അ

വേലി വില വേല വേള കള്ള
കളി കല കള കല്ല തള്ള
പനി പണി പററ തല്ല കൊത്ത
ഒട്ട ഒത്ത ഒററ കൊററ വല്ലി
കണി കനി കരി വള്ളി ഊട്ട
*പുല്ല †പുള്ള ‡പന്നി §ഊത്ത ||വെളി
*പഉലലഅ †പഉളളഅ ‡പഅനനഇ §ഊതതഅ ||വഎളഇ

ക്ഷമ ദയ കൃപ നീതി രക്ഷ
സാമം ദാനം ഭേദം ദണ്ഡം സന്ധി
കാമം ക്രോധം പൂജ മോഹം മദം
ധ്യാനം വായു അഗ്നി ജലം മേഘം
ദേഹം ജപം ജീവൻ കൎമ്മം ഗാത്രം
രത്നം ദിവാ സ്വൎണ്ണം മാല ക്രിയ
*ഭൂമി †ദേഹി ‡ലോഭം §ചിത്തം ||വേഷം
*ഭഊമഇ †ദഏഹഇ ‡ലഓഭഅമ §ചഇതതഅമ ||വഏഷഅമ

മൃഗം പക്ഷി സൎപ്പം മത്സ്യം കൃമി
ആന തുമ്പി വ്യാഘ്രം ംരംയൽ പാററ
കൊക്ക കിളി ഊമൻ കാക്ക പ്രാവ

പാമ്പ ചേര മൂൎഖൻ പരൽ വരാൽ
ശ്രാക വാക ഒരച്ച കാരി കൂരി
*വണ്ട †സിംഹം ‡വാള §പുലി ||നരി
*വഅണ്ണട †സഇമഹഅമ ‡വആളഅ §പഉലഇ ||നഅരഇ

---

ചിങ്ങം കന്നി തുലാം വൃശ്ചികം ധനു
മകരം കുംഭം മീനം മേടം ഇടവം
മിഥുനം കൎക്കടകം

ഞായർ തിങ്കൾ ചൊവ്വാ ബുധൻ വ്യാഴം
വെള്ളി ശനി

ആണ്ട മാസം ആഴ്ച ദിവസം
നാഴിക വിനാഴിക മാത്ര
കാതം ദണ്ഡ കോൽ മുളം
ചാൺ വിരൽ നെല്ല

---

| | | | |
|---|---|---|---|
| കടൽ | വയല | മനസ്സ | പെട്ടകം |
| മടൽ | മയില | തപസ്സ | സമുദ്രം |
| തുടല | കയില | വയസ്സ | നഗരം |
| പടല | കുയില | ഹവിസ്സ | വാരണം |
| കുടല | വെയില | വപുസ്സ | ശരണം |
| കൊടില | അവല | ശിരസ്സ | പുരാണം |

| | | | |
|---|---|---|---|
| കരിമ്പ | ഭജനം | രാജാവ | ആരോഗ്യം |
| കാച്ചില | സമയം | കൎത്താവ | ആശ്ചൎയ്യം |
| കിഴങ്ങ | വിശേഷം | പിതാവ | ഐശ്വൎയ്യം |
| പയറ | അവകാശം | മാതാവ | സാമൎത്ഥ്യം |
| മുതിര | പൎവ്വതം | ഭൎത്താവ | വൈഷമ്യം |
| തുവര | പാതാളം | ഭ്രാതാവ | പാരുഷ്യം |

---

| | | | |
|---|---|---|---|
| ഉത്തമം | ശാസനം | കടാക്ഷം | സന്തോഷം |
| മദ്ധ്യമം | നിദാനം | പ്രത്യക്ഷം | ഉദ്യോഗം |
| അധമം | ഉത്തരം | കാരുണ്യം | അഭ്യാസം |
| നിൎമ്മലം | സംസാരം | സിദ്ധാന്തം | താല്പൎയ്യം |
| മംഗലം | നിശ്ചയം | പ്രയത്നം | ആലസ്യം |
| കുശലം | സംശയം | ഉത്സാഹം | സഹായം |

---

| | | | |
|---|---|---|---|
| ആനന്ദം | കുടുംബം | ഈശ്വരൻ | ജനങ്ങൾ |
| പ്രത്യേകം | ഉല്പത്തി | മനുഷ്യൻ | മൃഗങ്ങൾ |
| വിസ്താരം | സമ്പത്ത | ആചാൎയ്യൻ | ദാനങ്ങൾ |
| വ്യത്യാസം | ആപത്ത | സ്നേഹിതൻ | വൃക്ഷങ്ങൾ |
| ആചാരം | ഭവനം | ബാലകൻ | ഗുണങ്ങൾ |
| ഔചിത്യം | ദാരിദ്ര്യം | സേവകൻ | ദോഷങ്ങൾ |

| | | |
|---|---|---|
| തരുന്നു | വെട്ടുന്നു | കുത്തുന്നു |
| വരുന്നു | പൊട്ടുന്നു | കത്തുന്നു |
| ഇരുന്നു | കൊട്ടുന്നു | ചെത്തുന്നു |
| പൊരുന്നു | മുട്ടുന്നു | കൊത്തുന്നു |
| ചേരുന്നു | കിട്ടുന്നു | പൊത്തുന്നു |
| തീരുന്നു | പൂട്ടുന്നു | ഏത്തുന്നു |

---

| | | |
|---|---|---|
| സൃഷ്ടിച്ചു | മുടങ്ങി | എടുത്തു |
| മാനിച്ചു | തുടങ്ങി | കൊടുത്തു |
| രക്ഷിച്ചു | അടങ്ങി | തടുത്തു |
| സ്നേഹിച്ചു | ഒടുങ്ങി | അടുത്തു |
| കല്പിച്ചു | മടങ്ങി | പടുത്തു. |
| ബോധിച്ചു | ഞെടുങ്ങി | തൊടുത്തു |

---

| | | |
|---|---|---|
| ഉദിക്കും | പടരും | തടയും |
| ക്ഷമിക്കും | പകരും | ഉടയും |
| ജയിക്കും | അടരും | കുടയും |
| സുഖിക്കും | തകരും | ഇടയും |
| മദിക്കും | വളരും | അടയും |
| രസിക്കും | പുലരും | കടയും |

| | | |
|---|---|---|
| വന്നാലും | ഓടട്ടെ | നടപ്പിൻ |
| പോയാലും | ചാടട്ടെ | ധരിപ്പിൻ |
| നിന്നാലും | കൂടട്ടെ | ശ്രമിപ്പിൻ |
| കണ്ടാലും | പാടട്ടെ | എടുപ്പിൻ |
| കേട്ടാലും | വാടട്ടെ | സഹിപ്പിൻ |
| ചെയ്താലും | ആടട്ടെ | സേവിപ്പിൻ |

---

| | | |
|---|---|---|
| ചായുന്ന | ക്ഷയിച്ച | വന്ദിപ്പാൻ |
| കൂടുന്ന | മഹിച്ച | യോജിപ്പാൻ |
| ചേരുന്ന | ഭവിച്ച | സാധിപ്പാൻ |
| താഴുന്ന | ഗ്രഹിച്ച | ഭ്രമിപ്പാൻ |
| ചാരുന്ന | വസിച്ച | ഖ്യാണിപ്പാൻ |
| പെയ്യുന്ന | ലംഘിച്ച | പ്രാപിപ്പാൻ |

---

| | | |
|---|---|---|
| അലംകാരം | അനുതാപം | മനോഹരം |
| അഭിമാനം | വ്യവഹാരം | വിപരീതം |
| മഹാരാജ്യം | ഉപകാരം | അനുകൂലം |
| അഹംകാരം | രക്ഷിതാവ | ആഭിജാത്യം |
| അപവാദം | മനക്ലേശം | പരദേശം |
| പരിഹാസം | ഉപദ്രവം | ദുർവിചാരം |

| | | |
|---|---|---|
| ഐകമത്യം | ആൎജ്ജവത്വം | ആലോചനം |
| ആധിപത്യം | ആശ്വാസത്വം | സമാധാനം |
| പാതിവ്രത്യം | ആയതത്വം | ആലിംഗനം |
| വൈപരീത്യം | ആരൂഢത്വം | മന്ദഹാസം |
| നിരപത്യം | ആടോപത്വം | ആവേദനം |
| സേനാപത്യം | ആയാമത്വം | ആനന്ദനം |

---

| | | |
|---|---|---|
| രാജാക്കന്മാർ | ഗുണമുള്ള | ഭംഗിയായ |
| അമാത്യന്മാർ | ബുദ്ധിയുള്ള | സ്ഫുടമായ |
| ഗൃഹസ്ഥന്മാർ | സുഖമുള്ള | ജ്ഞാനിയായ |
| കുടിയാന്മാർ | ശുദ്ധമുള്ള | ഖേദമായ |
| സേവകന്മാർ | ലജ്ജയുള്ള | ഗൂഢമായ |
| യാചകന്മാർ | ദുഃഖമുള്ള | രോഗിയായ |

---

| | | |
|---|---|---|
| സരസനാം | ഭയങ്കരമായ | ചോദിച്ചിട്ടു |
| കുശലമാം | ഇഷ്ടകരമായ | അറിഞ്ഞിട്ടു |
| രഹസ്യമാം | പുഷ്ടികരമായ | പറഞ്ഞിട്ടു |
| പ്രകാശമാം | തൃപ്തികരമായ | തെളിഞ്ഞിട്ടു |
| പ്രമാണമാം | രുചികരമായ | ഉണൎന്നിട്ടു |
| സുലഭമാം | നാശകരമായ | ഉദിച്ചിട്ടു |

| | | |
|---|---|---|
| പണിയിപ്പിക്കുന്നു | പണിയിപ്പിച്ചു | പണിയിപ്പിക്കാം |
| വിളയിപ്പിക്കുന്നു | വിളയിപ്പിച്ചു | വിളയിപ്പിക്കാം |
| അന്വേഷിപ്പിക്കുന്നു | അന്വേഷിപ്പിച്ചു | അന്വേഷിപ്പിക്കാം |
| സമ്മതിപ്പിക്കുന്നു | സമ്മതിപ്പിച്ചു | സമ്മതിപ്പിക്കാം |
| പ്രകാശിപ്പിക്കുന്നു | പ്രകാശിപ്പിച്ചു | പ്രകാശിപ്പിക്കാം |
| ആനന്ദിപ്പിക്കുന്നു | ആനന്ദിപ്പിച്ചു | ആനന്ദിപ്പിക്കാം |

| | | |
|---|---|---|
| ഛേദിക്കപ്പെടുന്നു | സമ്മാനിക്കപ്പെട്ടു | അപേക്ഷിക്കപ്പെടും |
| ഹനിക്കപ്പെടുന്നു | എഴുതിക്കപ്പെട്ടു | ആശ്രയിക്കപ്പെടും |
| വിധിക്കപ്പെടുന്നു | നിഗ്രഹിക്കപ്പെട്ടു | വിശ്വസിക്കപ്പെടും |
| ക്ലേശിക്കപ്പെടുന്നു | സംശയിക്കപ്പെട്ടു | ആശ്വസിക്കപ്പെടും |
| ശ്രവിക്കപ്പെടുന്നു | നിശ്ചയിക്കപ്പെട്ടു | നിയോഗിക്കപ്പെടും |
| മണക്കപ്പെടുന്നു | ആഗ്രഹിക്കപ്പെട്ടു | വിരോധിക്കപ്പെടും |

| | | |
|---|---|---|
| മോഷ്ടിക്കരുത | കുത്സിക്കെണ്ടാ | സൂക്ഷിക്കെണം |
| ഹിംസിക്കരുത | പകക്കെണ്ടാ | പഠിക്കെണം |
| ദ്വേഷിക്കരുത | ലോഭിക്കെണ്ടാ | വന്ദിക്കെണം |
| മോഹിക്കരുത | മിഥിക്കെണ്ടാ | പ്രാൎത്ഥിക്കെണം |
| ചതിക്കരുത | കോപിക്കെണ്ടാ | സ്തുതിക്കെണം |
| നിന്ദിക്കരുത | ദുഃഖിക്കെണ്ടാ | ധ്യാനിക്കെണം |

| | | |
|---|---|---|
| ചെന്നാറെ | അതിൽപിന്നെ | മിഷ്ലൎശികൾ |
| കണ്ടശേഷം | ഇതുപോലെ | മാതാപിതാക്കന്മാർ |
| പോയപ്പോൾ | ആകകൊണ്ട | ഭാൎയ്യഭൎത്താക്കന്മാർ |
| വരത്തക്കവണ്ണം | അന്നുമുതൽ | പ്രധാനാചാൎയ്യന്മാർ |
| തീരുവോളം | ഇന്നുവരെ | പ്രജാപരിപാലകന്മാർ |
| ഗ്രഹിച്ചുകൊണ്ട | മുതലായ | സൎവ്വത്രപരിപൂൎണ്ണൻ |

| | |
|---|---|
| ആരോഗ്യശാലികൾ | പഠിപ്പിച്ചുവരുന്നു |
| സാവധാനശീലന്മാർ | നിയോഗിച്ചയച്ചു |
| ഐകമത്യമുള്ളവർ | പ്രസാദിച്ചുപറയും |
| ഭക്തിയോടുകൂടിയവർ | സൃഷ്ടിച്ചുണ്ടാക്കുന്നു |
| വേദവാക്യാർത്ഥജ്ഞന്മാർ | ആഗമിക്കയുംചെയ്തു |
| ദാനധർമ്മിഷ്ഠന്മാർ | കൊണ്ടുവരികയും ആം |
| വാത്സല്യിച്ചിരിക്കുന്നു | എഴുന്നെള്ളാറായി |
| വിസ്തരിച്ചുകേട്ടു | ലഭിക്കേണ്ടുന്നത |
| ഒളിച്ചുസഞ്ചരിക്കുന്നു | ഉപേക്ഷിക്കരുതാത്തത |
| വരുവാൻനിശ്ചയിച്ചു | അനുഗ്രഹിക്കേണമെ |
| കിളുത്ത തുടങ്ങി | ക്ഷമിച്ചുകൊള്ളേണമെ |
| വിസ്മയിച്ചിരുന്നു | പരിഗ്രഹിപ്പതാക |

## സർവ്വജ്ഞനായിരിക്കുന്ന ദൈവത്തിന സ്തുതി

സർവ്വജ്ഞൻ ആയി ഇരിക്കുന്ന ദൈവത്തിന്ന സ്തുതി

# ജ്ഞാനസുഭാഷിതം.

ലോകമൊക്കെയും നാം നേടിയാലും നമ്മുടെ ആത്മാവു നശിപ്പാനിടവന്നാൽ പ്രയോജനമെന്തു?

എല്ലാവസ്തുക്കൾക്കും ഒരവസാനമുണ്ടു; നിത്യമെന്നുള്ളത ഒരിക്കലും അവസാനിക്കയില്ല.

മറ്റുള്ളതൊക്കെയും നമുക്കു നാശംവന്നാലും ദൈവകാരുണ്യം നശിക്കാതെയിരിപ്പാൻ നാമുത്സാഹിപ്പാനുള്ളതാകുന്നു.

ദൈവത്തോടുമറുത്തു നാം ചെയ്യുന്ന പാപമത്രെ സാക്ഷാൽ നമുക്കുതിന്മ; മറ്റുള്ളതിന്മകളൊന്നും സാരമല്ല.

ദൈവത്തിന്നിഷ്ടംവരുത്തുവാൻ നാം മനസ്സാകുന്നുവെങ്കിൽ നമ്മെത്തന്നെ നാം ദ്വേഷിക്കണം.

നമ്മുടെ തന്നിഷ്ടത്തെപ്പൂർത്തിയാക്കുവാൻ മാത്രം നമ്മുടെ പ്രവൃത്തികളായിരുന്നാൽ അയതൊക്കെയും നാശമായിട്ടുതീരും.

നാം രക്ഷപെടുന്നതിന്നുവേണ്ടി എല്ലാപ്പൊഴും വീഴാതിരിപ്പാൻ നാം സൂക്ഷിപ്പാനും പേടിപ്പാനും ന്യായമാകുന്നു.

നിന്നെത്തന്നെ നീ കീഴടക്കുക; ദൈവത്തിന്നിഷ്ടംവരുത്തുവാൻ എപ്പൊഴും ജാഗ്രതയായിരിക്ക.

എപ്പൊഴും നാം ഭയപ്പെട്ടുനടപ്പാൻതക്ക തിന്മ പാപംമാത്രമായിരിക്കുന്നു.

സവ്വേശ്വരൻതമ്പുരാൻ തിരുമനസ്സാകുന്നത എന്തായിരുന്നാലും നന്മയാകുന്നു; നാം മുഴുവനാ

യിട്ടാഗ്രഹിക്കേണ്ടുന്നതും അതത്രെയാകുന്നു.

എന്തെല്ലാംസംഭവിച്ചാലും ദൈവംതിരുമനസ്സാകുന്നതിന്നുമാത്രം മനസ്സാകുന്നവൻ എപ്പൊഴുംഭാഗ്യവാൻ.

ലോകത്തിൽ ദൈവവും, ഞാനുംഅല്ലാതെ മറ്റൊന്നുമില്ലയെന്നു ക്രൂപികരിപ്പാൻ എനിക്കാവശ്യമായിരിക്കുന്നു.

നമ്മുടെ ഹൃദയങ്ങളെ സന്തോഷതൃപ്തിവരുത്തുന്നതിന്ന ലോകമൊക്കെക്കും കഴിയുന്നതല്ല; ദൈവത്തിന്നുമാത്രം അവയെ സന്തോഷതൃപ്തിവരുത്തുന്നതിന്നുകഴിയും.

നന്മകൾസമസ്തവും ദൈവസ്നേഹത്തിൽ അടങ്ങിയിരിക്കുന്നു; എന്നാൽ, ദൈവസ്നേഹംഅങ്ങേത്തിരുമനസ്സുചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു.

നമ്മുടെ ഐശ്വര്യങ്ങളൊക്കെയും പ്രാൎത്ഥിക്കുന്നതിലായിരിക്കുന്നു; പ്രാൎത്ഥിക്കുന്നവൻ അവനപേക്ഷിക്കുന്നതിനെ ലഭിക്കയുംചെയ്യും.

ധ്യാനനമസ്കാരത്തിൽ നീകഴിച്ചുകൂട്ടിയില്ലയെന്ന ആ ദിവസം നാശംവരുത്തിയതായി നീ വിചാരിച്ചുകൊൾക. എന്നാൽ, നമ്മുടെഅമ്മ ശുദ്ധ: ത്രേസ്യാപ്പുണ്യവാളത്തി കല്പിച്ചിരിക്കുന്നതായത „നമസ്കാരം മുടക്കുന്നു, അല്ലെങ്കിൽ ഉപേക്ഷവെക്കുന്നുവെന്നവൻ അവനെത്തന്നെ നരകത്തിൽ അവൻ വീഴിക്കുന്നു„ എന്ന.

ചില ജ്ഞാനപുസ്തകങ്ങൾ വായിക്കാതെകണ്ട ഒരുദിവസവും നീ കഴിച്ചുകൂട്ടരുത.

ബഹുമാനത്തിന്മേലുള്ള ആശ, ആത്മാവിന്ന

ഒരു മഹാ വസന്തരോഗമായിരിക്കുന്നു.

ഹൃദയത്തിന്നടുത്ത എളിമെയ്ക്കുവേണ്ടി, എല്ലാവരാലെയും നിന്ദിക്കപ്പെട്ടുവാൻ ഞാൻ യോഗ്യനായിരിക്കുന്നുവെന്നു പറയുന്നവചനംമതിയാകുന്നില്ല; പിന്നെയൊ, നിന്ദാപമാനദൂഷണങ്ങൾ സംഭവിക്കുമ്പോൾ അതിൻവണ്ണംതെളിവാനും നമുക്കാവശ്യമായിരിക്കുന്നു.

൧൦. ശോമിശിഹായെക്കുറിച്ച്, ഒരു ദുഃഖസന്താപം ക്ഷമിപ്പാൻവശമാകയില്ലയെങ്കിൽ, അവൻ ക്രിസ്ത്യാനിയാകുന്നതെങ്ങനെ? എന്നാൽനിനക്കു ദുഃഖാപമാനങ്ങൾനേരിടുമ്പോൾ അവയിൽ മുഖപ്രസാദംനീകാണിക്ക.

നരകത്തിന്നു പാത്രമായിരുന്നുവെന്നു വീണ്ടു വിചാരിക്കുന്നവന്നു എല്ലാവക ദുഃഖസന്താപങ്ങളും നോവു പീഡകളും ലഘുവായിരിക്കും.

ദരിദ്രതയെ സ്നേഹിക്കുന്നുവെന്നവൻ എല്ലാവസ്തുക്കളെയും അവന്റെ കൈവശത്തിലാക്കുന്നു; അവൻ ലോകത്തിന്നടുത്ത വസ്തുക്കളിൽവച്ച ഏറ്റവും നീച അവസ്ഥയെത്തിരിഞ്ഞെടുക്കുന്നു, ദൈവത്തിന്നടുത്ത വസ്തുക്കളിൽവച്ച ഏറ്റവും ഉത്തമ അവസ്ഥയെത്തിരിഞ്ഞെടുക്കയുംചെയ്യുന്നു.

ഒരു കീഴ്വഴക്കമുള്ള ആത്മാവു തമ്പുരാന്നു ഏറ്റവും ഇഷ്ടമുള്ളതാകുന്നു.

പുണ്യവഴിയിൽതിരിപ്പാൻതക്കവണ്ണം, നമ്മോടു തിന്മചെയ്യുന്നവൎക്കു നന്മ നാം ചെയ്യുമെങ്കിൽ, സാക്ഷാലുള്ളസ്നേഹം അതിലത്രെ അടങ്ങിയിരിക്കുന്നത.

ഐശ്വൎയ്യവും ബഹുമാനവും മരണത്തിന്റെ നാഴികയിൽ നമുക്കെന്തുപ്രയോജനംവരുത്തും?

അങ്ങെ സ്നേഹത്തിങ്കലേക്ക സൎവേശ്വരൻതമ്പുരാൻ നമ്മെവിളിക്കുന്നതഎത്രയൊ ഇതങ്ങൊരു വലിയ ഭയയായിരിക്കുന്നു.

നല്ലനുഗ്രഹത്തിന്നു പ്രതിഭാനംചെയ്യാതെ തമ്പുരാൻ ഉപേക്ഷിക്കയില്ല.

എല്ലാജാഗ്രതകളും, നല്ലകാൎയ്യങ്ങൾക്കുതന്നെയായ തന്നാലും ദൈവത്തെക്കുറിച്ചല്ലാഞ്ഞാൽ നന്മയായിരിക്കയില്ല.

ഉപകാരസ്മരണയുള്ളശീലംനമുക്കുണ്ടായിരിക്കണം, എന്നാൽ എല്ലാവററിന്നുമ്മുൻപിൽ ദൈവത്തിൻപക്കൽ നന്നി നാം കാണിക്കയുംവേണം. ഇതുകാരണത്താൽ ദൈവത്തിന്നു വിരോധമായിട്ടയാതൊന്നും ചെയ്കയില്ലയെന്നു നല്ലപ്രതിജ്ഞചെയ്യണം; അങ്ങേക്ക അധികയിഷ്ടമുള്ളതിനെത്തിരിച്ചറിഞ്ഞ എപ്പൊഴും അങ്ങേഇഷ്ടംവൎദ്ധിപ്പിപ്പാൻ ഉത്സാഹിക്കയുംവേണം.

രോഗത്തിന്റെകാലത്തിൽ ദൈവതിരുമനസ്സിന്നു നമ്മെത്തന്നെ നാം കീഴ്പെടുക്കുന്നത നമുക്കുള്ള ഉത്തമ നമസ്കാരമായിരിക്കുന്നു.

ഒരു പരിശുദ്ധജീവിതവും ഇന്ദ്രിയങ്ങളുടെ സന്തോഷവും തമ്മിൽയോജിക്കയില്ല.

അവനിൽതന്നെ സ്ഥിരപ്പെടുന്നവൻ അവൻ നശിക്കുന്നതാകുന്നു. ദൈവത്തിൽ സ്ഥിരപ്പെട്ടവന്ന എല്ലാക്കാൎയ്യവുംചെയ്യാൻ വശമാകും.

ദൈവത്തിന്നിഷ്ടമായിരിക്കുന്നുവെന്നുബോ

ധിക്കുന്നതിനെക്കാൾ ആത്മാവിന്നു സന്തോഷം വരുത്തുവാൻ തക്കതായിട്ടു വലിയതായ മറ്റേതു സന്തോഷങ്ങളുള്ളു?

തമ്പുരാന്റെമേലുള്ള സ്നേഹത്തെക്കുറിച്ച എല്ലാവസ്തുക്കളെയും ഉപേക്ഷിക്കുന്നവന്ന, തന്നെത്തന്നെ മുഴുവനുംകൊടുപ്പാൻ തമ്പുരാൻ ആയത്തമായിരിക്കുന്നു.

പരിശുദ്ധിയാക്കുവാൻ തക്കഏകവഴി, ദുഃഖസങ്കടങ്ങളുടെ വഴിയത്രെയാകുന്നു.

ഞെരിക്കങ്ങളാലെയും പരീക്ഷകളാലെയും തന്നെസ്നേഹിക്കുന്നവരെതാൻസാക്ഷികരിക്കുന്നു.

ദൈവത്തെസ്നേഹിക്കയും അങ്ങേ ശരണപ്പെടുകയും ചെയ്യുന്നവൻ നശിക്കപ്പെട്ടുവാൻ കഴിയുന്നതല്ല.

അങ്ങെ ഭാഗ്യവതിയായ അമ്മയുടെമേൽ ഒരു വിശേഷഭക്തി നമുക്കുതരുന്നതിന്നു ദൈവത്തോടു നാംപ്രാത്ഥിക്കണം.

കുരിശിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്ന ൟശോമിശിഹായുടെ സ്വരൂപത്തിന്മേൽ വിശ്വാസത്തോടുകൂടെനോക്കുന്നവൻ എല്ലാവസ്തുക്കളും ക്ഷമയോടുകൂടെഅവൻസഹിക്കും.

ൟ ലോകത്തിൽ ദൈവത്തെ സ്നേഹിക്കുന്നവൻവലിയവനും വലിയഭാഗ്യവാനുമാകുന്നു, ദൈവത്തെക്കുറിച്ചല്ലാതെ ചെയ്യുന്ന എല്ലാക്കാൎയ്യങ്ങളും ദുഃഖമായിട്ടും ആവലാതിയായിട്ടും തീരും.

നല്ലകാൎയ്യങ്ങളിൽവച്ചുകൂടെ കലഹങ്ങളുമ്മററുമുണ്ടാകുന്നത ദൈവത്തിൽനിന്നുണ്ടാകുന്നതല്ലേ എ

ങ്കിലും തന്റെ അനുവാദംകൂടാതെ ആകയുമില്ല.

അവന്റെ വഴിയാത്രയുടെ അവസാനത്തിൽ ചെന്നുചേരുവാൻമനസ്സായവൻ അതുവരെയും ഓട്ടം നിൎത്താതെ ഓടുവാനുള്ളതാകുന്നു.

ദൈവത്തെമാത്രം ആഗ്രഹിക്കുന്നവൻ സംപന്നനും ഭാഗ്യവാനും: അവനുമറെറാന്നുംവേണ്ടിയിരിക്കുന്നില്ല. ലോകത്തെ നിസ്സാരമായിട്ടവൻ നിശ്ചയിക്കുന്നു.

ദൈവത്തിൽ തൃപ്തിയാകാത്തവന്ന മറെറാന്നും തൃപ്തിവരുത്തുകയില്ല. സൎവ്വേശ്വരാ! ദൈവമെ! തമ്പുരാനെ! ഉടയവനെ! സൃഷ്ടിതാവെ! രക്ഷിതാവെ! ആയുസ്സെ! സന്തോഷമെ! തൃപ്തിയെ! ഭാഗ്യമെ! സകലനന്മസ്വരൂപിയെ! എന്റെ സമസ്തമെ! ൟ പ്പരമവസ്തുവിനുമേൽ മറെറാന്നുമില്ല. എല്ലാം നാം നേടുന്നതിന്ന — എല്ലാം നാം ജയിക്കയുംവേണം.

---

## ൟശോമിശിഹായുടെസ്നേഹത്തെക്കുറിച്ചുള്ള ആശാധിക്യത.

എന്റെ ൟശോ തമ്പുരാനേ! അങ്ങിനുമാത്രം ഇനിക്കു മതി.

എന്റെസ്നേഹമേ! നിന്നിൽനിന്നകന്നുപോകുവാൻ ഒരിക്കലും നീ അനുവദിക്കരുതേ!

എന്റെ തമ്പുരാനേ! ഇനിയും ഒരിക്കലും നീ

ന്നെക്കൈവെടിവാൻ ഇനിക്കിട വരിക യില്ല യെന്നു അങ്ങേപ്പക്കൽ ഉണൎത്തിപ്പാൻ എപ്പോഴും ഞാൻ വശമാകും!

കൎത്താവേ! എന്നാലേ സ്നേഹിക്കപ്പെടുവാൻ വേണ്ടി ഇത്ര യധികം അനുഗ്രഹിപ്പാനുള്ളതിന്നു ഞാനാര?

എന്റെ ഈശോ തമ്പുരാനേ! അങ്ങെ ഞാൻ സ്നേഹിക്കാഞ്ഞാൽ മററാരെ ഞാൻ സ്നേഹിപ്പാനുള്ളു.

കൎത്താവേ! ഇതാ അങ്ങേ അടിയാൻ, ഞാൻ അങ്ങിന്നു തിരുമനസ്സാകുന്നപോലെ എന്നെനീ നടത്തുക. അങ്ങേക്കരുണ ഇനിക്കു നീ തരിക; മറെറാന്നും ഞാൻ ഇരക്കുന്നില്ല.

ഞാൻ മരിക്കുന്നതിന്നു മുമ്പിൽ എന്നെ മുഴുവനും അങ്ങേക്കു സ്വന്തമുള്ളതാക്കിച്ചെയ്യു.

നിത്യപിതാവേ! ഈശോമിശിഹായുടെ സ്നേഹത്തെക്കുറിച്ചു എന്റെമേൽ ദയയായിരിക്കണമെ.

എന്റെ സൎവ്വേശ്വര! അങ്ങേമാത്രം ഞാനാഗ്രഹിക്കുന്നു.

എന്റെ ഈശോ തമ്പുരാനേ! എന്റെ മേൽ അങ്ങിന്നുവച്ച സ്നേഹംഹേതുവായിട്ടു അങ്ങെത്തന്നെ ക്ഷയിപ്പിച്ചു എന്നാ അങ്ങേമേൽ ഇനിക്കുള്ളസ്നേഹം ഹേതുവായിട്ടു എന്നെത്തന്നെ മുഴുവനും ഞാനും ക്ഷയിപ്പിപ്പാൻ ഇനിക്കുസംഗതിവരട്ടെ.

ഞാൻ പാപത്തിലായിരുന്നപ്പോൾ മരിച്ചിരുന്നുവെങ്കിൽ മേലാൽ ഒരിക്കലും നിന്നെ സ്നേഹിക്കുന്നതിന്നു ഇനിക്കു പാടില്ലാഞ്ഞേനെ, ഇ

പ്പോൾ അങ്ങേ സ്നേഹിപ്പാൻ എന്നാൽ കഴിയും, അളയത്തുകൊണ്ടു, എന്റെ പ്രാപ്തിക്കുതക്കവണ്ണം അധികമധികമായിട്ടു നിന്നെ സ്നേഹിപ്പാൻ ഞാനാഗ്രഹിക്കുന്നു.

എന്റെ ജീവിതകാലത്തിൽ ശേഷിച്ചിട്ടുള്ളത അങ്ങേപ്പക്കൽ ഞാൻ കയ്യേല്പിക്കുന്നു.

അങ്ങേമാത്രം ഞാനാഗ്രഹിക്കുന്നു; അങ്ങിന്നാഗ്രഹിക്കുന്നതൊക്കെയും ഞാനുമാഗ്രഹിക്കുന്നു.

എന്റെ ഈശോ തമ്പുരാനെ! ആദ്യം അങ്ങേ ഞാൻ കാണ്മാൻ സംഗതി വരുമ്പോൾ, സമാധാനവും അനുഗ്രഹവുമുള്ള തിരുമുഖത്തോടു കൂടിയവനായിട്ടു അങ്ങേക്കാണ്മാൻ ഇനിക്കു കൃപ ചെയ്യുരുളെണമെ.

മേലാൽ ഒരിക്കലെങ്കിലും നിന്നോടുപകരിക്കുന്നതിനെക്കാൾ നിശ്ചയമായിട്ടു ഞാൻമരിക്കട്ടെ.

എന്റെ തമ്പുരാനെ! അങ്ങിന്നെന്നെ ഉപേക്ഷിച്ചു തള്ളിക്കളകയില്ല; അങ്ങെ ഞാനും ഉപേക്ഷിക്കയില്ല. ഇഹലോക ജീവിതത്തിലും, പരലോകത്തിലും, എല്ലാപ്പൊഴും അങ്ങേ ഞാൻ സ്നേഹിക്കയുമ്ചെയ്യും.

എന്റെ രക്ഷിതാവെ! ഇത്രയധികമായ കൃപയങ്ങിന്നു ചെയ്യുതിന്റെ ശേഷമായിട്ടു അല്പമായിട്ടുമാത്രം അങ്ങേ ഞാൻ സ്നേഹിക്കുന്നതായിരുന്നാൽ, അങ്ങേപ്പക്കൽ വലിയ നന്നികെട്ടവൻ ഞാനായിരിക്കയും ചെയ്യും.

അങ്ങേതന്നെ മുഴവനും ഇനിക്കങ്ങിന്നു തന്നിരിക്കുന്നു, ഞാനും എന്നെത്തന്നെ മുഴവനും ഇ

താ തരികയും ചെയ്യുന്നു.

നിന്നെ സ്നേഹിക്കുന്നവരെ നീ സ്നേഹിക്കുന്നു: ആയതുകൊണ്ട നിന്നെ ഞാൻ സ്നേഹിക്കുന്നു, നീയും എന്നെ സ്നേഹിക്കണമെ. എന്നാൽ ഞാൻ അങ്ങേ സ്നേഹിക്കുന്നത-ഏറ്റവും കുറഞ്ഞതായിരിക്ക കൊണ്ട എന്നിൽ നിന്നു നീ പാത്തിരിക്കുന്നുവെന്ന സ്നേഹം ഇനിക്കു നീ തരേണമെ.

അങ്ങേ സ്നേഹിക്കുന്നതിന്ന എത്രയും അധികമായിട്ട എന്നെ നീ കടപ്പെടുത്തി, ആയതുകൊണ്ട, അങ്ങേ സന്തോഷംവരുത്തുവാൻവേണ്ടി എല്ലാവസ്തുക്കളെയും ജയിപ്പാൻ ഇനിക്കു നീ വരം തന്നരുളേണമെ.

കൂടക്കൂടെപ്പലവട്ടവും നിന്നോട മറുതലിച്ചിരിക്കുന്ന ൟ യൊരാത്മാവിനെ അങ്ങേസ്നേഹിച്ചുവരുവാൻവേണ്ടി അങ്ങിന്നു കൈയ്യേറ്റുകൊള്ളേണമെ.

സത്യമായിട്ടിടവിടാതെ നിന്നെ സ്നേഹിച്ചുവരുവാൻ തക്കവണ്ണം നിന്റെ അറുതിയില്ലാത്ത നന്മയുടെ ആധിക്യത്തെ മറക്കാതെയറിഞ്ഞിരിപ്പാൻ ഇനിക്കു നീ കൃപചെയ്യണമെ.

പരലോകത്തിൽ എന്നന്നേക്കും ശക്തിയൊക്കെയോടുംകൂടെ മുഴുവനായിട്ട നിന്നെ സ്നേഹിച്ചുവരുവാൻ വേണ്ടി ൟ ജീവിതത്തിൽ അധികമായിട്ട നിന്നെ സ്നേഹിപ്പാൻ ഞാനാഗ്രഹിക്കുന്നു.

ആ: നിത്യ സർവ്വേശ്വര! അനവരതകാലം എന്നന്നേക്കും അങ്ങെ സ്നേഹിക്കുമെന്ന ശരണ

മായിരിക്കുന്നു.

ആ: എല്ലാപ്പോഴും നിന്നെ ഞാൻ സ്നേഹിക്കുന്നുണ്ട; നിന്നോട മറ്റൊത്തു പിഴെക്കുന്നതിനെക്കാൾ നിശ്ചയമായിട്ട ഞാൻ മരിക്കട്ടെ.

എന്റെ മനസ്സും എന്റെ സ്വാതന്ത്ര്യവും നിനക്ക ഞാൻ കാഴ്ചവെക്കുന്നു, നിന്റെ ഇഷ്ടംപോലെ ഇവയെ നടത്തിക്കൊൾക.

ആ: എന്റെ ഉടയവനെ! അന്തമില്ലാത്ത ഭാഗ്യമുള്ളവൻ നീയായിരിക്കുന്നതിനാൽ ഞാൻ സന്തോഷിക്കുന്നു.

അങ്ങിന്നു സൎവ്വവശമുള്ളവനാകുന്നു. എന്നെ ശുദ്ധീകരിച്ചരുളേണമെ.

ഞാനോടിപ്പൊയ്ക്കൂളെഞ്ഞപ്പോൾ എന്നെനീ തേടി; അങ്ങെ സ്നേഹത്തെ ഞാൻ ധിക്കരിച്ചപ്പോൾ എന്നെ നീ സ്നേഹിച്ചു; ഇപ്പോൾ നിന്നെഞാൻതേടുകയുംസ്നേഹിക്കയുംചെയ്യുമ്പോൾ എന്നെ നീ തള്ളിക്കളയരുതെ.

ഇപ്പോൾ എന്നെ മുഴുവനും നിനക്ക ഞാൻ തരുന്നു.

നിന്റെ ഇഷ്ടംപോലെ എന്നെ നീ ശിക്ഷിച്ചുകൊൾക, അങ്ങേ സ്നേഹിച്ചു വരുവാനുള്ള വശത്തിൽനിന്ന എന്നെ നീക്കിക്കളയരുതെ.

നിന്നെസ്നേഹിപ്പാൻ കാലം തന്നതിനെക്കുറിച്ച നന്ദിയറിഞ്ഞു സ്തുതിചെയ്യുന്നു.

നിന്നെ ഞാൻ സ്നേഹിക്കുന്നു, എന്റെ യീശോ നിന്നെ ഞാൻ സ്നേഹിക്കുന്നു.

നിന്നെ.ഞാൻ സ്നേഹിക്കുന്നു, നിന്നെഞാൻ

സ്നേഹിക്കുന്നുവെന്നു ചൊല്ലിക്കൊണ്ടു എന്റെ ജീവൻ വിട്ടുവാനിടവരുമെന്നു ഞാൻ ശരണപ്പെടുന്നു.

ഒട്ടും തന്നെ എന്നിൽ വച്ചേക്കാതെ മുഴുവൻ നിന്നെ സ്നേഹിപ്പാനും നിനക്കിഷ്ടമെന്നറിയുന്നതിനെ ഒക്കെയും ചെയ്യാനും ഞാനാശിക്കുന്നു.

അങ്ങെയിഷ്ടത്തെ ഭൂമിയുടെ ഇഷ്ടമൊക്കെക്കാൾ ഞാൻ സ്നേഹിക്കുന്നു.

എന്റെ തമ്പുരാനെ അങ്ങെ ഞാൻ സ്നേഹിക്കുന്നതിനെക്കൊണ്ടു ദുഃഖസന്താപങ്ങളൊക്കെയും ഞാൻ കൈക്കൊള്ളുന്നു. ആഃ ംരംശോമിശിഹായേ! എന്നെക്കുറിച്ചു മരിപ്പാൻ തിരുമനസ്സായ അങ്ങെക്കുറിച്ചു ഞാനും മരിപ്പാൻ വശം തരെണമെ.

ആഃ അങ്ങെ യോഗ്യതയ്ക്കു തക്കപോലെ എല്ലാ മാനുഷരെക്കൊണ്ടും നിന്നെ സ്നേഹിപ്പിപ്പാൻ ഇനിക്കു വശമുണ്ടാകട്ടെ.

ആഃ ദൈവത്തിന്റെ പരിശുദ്ധ മനസ്സെ എന്റെ സ്നേഹം നീയാകുന്നു.

ആഃ സ്നേഹത്തിന്റെ ദൈവമെ! സ്നേഹം ഇനിക്കു നീ തരിക.

ആഃ മറിയമെ! ദൈവത്തിൻ പക്കലേക്കു എന്നെ നീ വലിക്ക.

ആഃ പരിശുദ്ധമാതാവെ! അങ്ങേത്തൃപ്പാദത്തിങ്കൽ എപ്പൊഴും ഞാൻ അഭയം വീണിരിക്കുന്നു. അങ്ങെപ്പരിശുദ്ധ മദ്ധ്യസ്ഥത്താൽ ഒരു പുണ്യവാൻ ഞാനാകുമെന്നു ശരണപ്പെട്ടിരിക്കുന്നു.

ഭാഗ്യമുള്ള ഒരു മരണം ലഭിക്കുന്നതിന്നായിട്ട
കുരിശിന്മേൽ തറെക്കപ്പെട്ടിരിക്കുന്ന ഈശോമിശിഹായുടെ
സ്വരൂപത്തിങ്കൽ
ദിനംപ്രതിയും ചൊല്ലുവാൻതക്ക
ഒരു ചെറിയ ജപം.

എന്റെ കർത്താവീശോമിശിഹായെ! അങ്ങെ പരിശുദ്ധദേഹത്തിൽനിന്ന അങ്ങെ ഭാഗ്യപ്പെട്ട ആത്മാവുവേർപിരിഞ്ഞപ്പോൾ, കുരിശിന്മേൽകിടന്നുകൊണ്ട അങ്ങിന്നനുഭവിച്ച കഠിനപങ്കപ്പാടെക്കുറിച്ച, എന്റെപാപംനിറെഞ്ഞ ആത്മാവ ഈ യരിഷ്ടതയുള്ള ദേഹത്തിൽനിന്നുവേർപിരിഞ്ഞ നിത്യത്തിലേക്ക കടക്കുമ്പോൾ ഇതിന്മേൽ ദയയായിരിക്കെണമെ.

ഈശോമിശിഹായുടെ പരിശുദ്ധ സ്നേഹം (൧) ലഭിപ്പാൻവേണ്ടി
അങ്ങേപ്പക്കൽ ശുദ്ധ.— ബൊനവന്തൂര എന്ന ദേഹം
അപേക്ഷിച്ചുവന്ന ജപം.

എന്റെ മധുരമുള്ള ഈശോതമ്പുരാനെ! നിന്റെമേലുള്ളസ്നേഹംകൊണ്ടും, നിന്നെഅനുഭവിപ്പാനുള്ള ആഗ്രഹംകൊണ്ടും എന്റെ ആത്മാവ എപ്പൊഴും ആലസ്യപ്പെടുവാനും, ഉരുകുവാനും തക്കവണ്ണം അങ്ങേ സ്നേഹത്തിന്റെഏററവും മധുരമുള്ളതിരുമുറിവുകൊണ്ട എന്റെആത്മാവിന്റെ ഉള്ളിനെ അങ്ങിന്നു കുത്തിവ്രണപ്പെടുത്തെണമെ. ഇതുനിമിത്തം, ഒരുഭാഗ്യമുള്ള നിത്യതപത്തിൽ പൂർണ്ണമായിട്ട നിന്നോടുകൂടെച്ചേരുന്നതിന്ന വരു

വാൻവേണ്ടി ൟ ആയുസ്സിനെ വിട്ടപേക്ഷിക്കു ന്നതിന്നു ഞാനാഗ്രഹിക്കുന്നു. എന്റെ ആത്മാ വെപ്പൊഴും നിന്നെ ദാഹിപ്പാനും, എപ്പൊഴും നി ന്നെ അന്വെഷിപ്പാനും, നിന്നോടുമാത്രം പറവാ നും, നിന്നെക്കണ്ടെത്തുവാനും, നിന്റെസ്തുതിക്കാ യിട്ട എല്ലാക്കാൎയ്യവും ഞാൻ ചെയ്യുവതുവാനും മ നൊഗുണം ചെയ്യണമെ. എന്റെ ഏകശരണ വും, എന്റെ ഐശ്വൎയ്യവും, എന്റെ സമാധാന വും, എന്റെ സംകേതവും, എന്റെ ഉറെപ്പും, എ ന്റെ നിക്ഷേപവും, എന്റെ സമസ്ത അനുഭവു മാകുന്ന നിന്റെമേൽ എന്റെ ഹൃദയം എന്നന്നെ ക്കും സ്ഥിരമായിരിപ്പാൻ കൃപചെയ്യരുളെണമെ.

ൟശോ മിശിഹായുടെ
സ്നേഹത്തെയും ഒരു നല്ലമരണത്തെയും പ്രാപിപ്പാൻവേണ്ടി
ഭാഗ്യവതിയായ കന്യാസ്ത്രീയോടുള്ള ഒരു ജപം.

ൟശോമിശിഹായെ സ്നേഹിക്കുന്ന തിനെക്കാ ണ്മാൻ ഏറ്റവും ആഗ്രഹിക്കുന്ന ശുദ്ധ: മറിയ മെ! എന്നെ നീ സ്നേഹിക്കുന്നുവെങ്കിൽ ൟശോ മിശിഹായെക്കുറിച്ചു, ഒരുത്തമ സ്നേഹത്തെ ഇനി ക്കവേണ്ടി അപേക്ഷിച്ചു തരുവിക്കണമെന്നത്രെ നിന്നോടു ഞാനിരക്കുന്ന ഒരു മയയായത. നി ന്റെ പുത്രനിൽ നിന്ന അപേക്ഷിക്കുന്നതെന്തെ

ങ്കിലും നീ യിഷ്ടമാകുംപോലെ കൈക്കൊള്ളുന്നു. ആയതുകൊണ്ട ഇനിക്കുവേണ്ടി നീ പ്രാൎത്ഥിക്ക; എന്നെ ആശ്വസിപ്പിക്ക. സൃഷ്ടിക്കപ്പെട്ട വസ്തുക്കളൊക്കെക്കാളും ദൈവത്തിന്നിഷ്ടമുള്ളവളും വാത്സല്യമുള്ളവളുമായിരിക്കുന്ന നിന്റെ മേലും ഒരു വലിയ സ്നേഹത്തെ ഇനിക്കു നീ അപേക്ഷിച്ചു തരിയിക്ക. ഈശോതമ്പുരാൻ കുരിശിന്മേൽ പ്രാണൻവിടുന്നതിനെ നീ കണ്ടപ്പോൾ ഗാഗുൽത്താ മലമേൽവെച്ചു നീ അനുഭവിച്ച വ്യാകുലത്തെക്കുറിച്ചു, എന്റെ രക്ഷിതാവായ ഈശോമിശിഹായെയും എന്റെ അമ്മയായ നിന്നെയും സ്നേഹിച്ചുകൊണ്ട, ആകാശമോക്ഷത്തിൽ എന്നന്നേക്കും നിങ്ങളെ സ്നേഹിപ്പാൻ വരുവാൻ തക്കവണ്ണം ഒരു നല്ലമരണത്തെ ഇനിക്കു നീയപേക്ഷിച്ചു തരുവിക്കണമെ.

ACHARYA PALACKAL JEEVASS KENDRAM
LIBRARY
15990

268.4
DH

Indic Digital Archive Foundation
gpura.org